15. പട്ടികജാതി – പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം-
( വിഹിതം 444.00 ലക്ഷം രൂപ.)

| 2025-26 വിഹിതം | 2025-26 ചെലവ് (31.03.2026) | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| 510.00 | 75.80 | 2425-108-42-34-3 | 344.00 |
| 190.00 | 0 | 4425-108-34-34-3 | 100.00 |
| **700.00** | **75.80** | **ആകെ** | **444.00** |

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ട കുടുംബങ്ങളുടെ ഉന്നമനത്തിനായി സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനം അത്യാവശ്യമാണ്. ഈ സംഘങ്ങളുടെ പുനരുജ്ജീവനത്തിലൂടെ ഇത്തരം കുടുംബങ്ങൾക്ക് വരുമാനവും ഉപജീവനമാർഗ്ഗവും പ്രദാനം ചെയ്യുന്ന ധാരാളം വലിയ പദ്ധതികൾ ആരംഭിക്കാൻ സാധിക്കും. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കാര്യക്ഷമവും ലാഭകരവുമായ സമഗ്രവികസനമാണ് ഈപദ്ധതിയുടെ ലക്ഷ്യം.

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് 2026-27 കാലയളവിൽ താഴെപറയുന്ന വിവിധയിനം പരിപാടികൾക്കായി 444.00 ലക്ഷം രൂപ പദ്ധതി വിഹിതമായി നീക്കി വച്ചിരിക്കുന്നു.

എ) പുതിയ പദ്ധതികളുടെ നടത്തിപ്പിനായി. പട്ടികജാതി, പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായം നൽകുന്നതിന്.

ബി) സംഘങ്ങളുടെ ഡയറക്ടർ ബോർഡിനും ജീവനക്കാർക്കും വർക്ക്ഷോപ്പുകൾ/കാര്യക്ഷമത വർദ്ധനവിനുള്ള പരിശീലനം എന്നിവ നടത്തുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് സഹായം.
സി) പ്രോജക്ട് അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ പുനരുദ്ധാരണത്തിനുള്ള സഹായം.
ഡി) ലാഭത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾക്ക് വൻകിട പദ്ധതികൾ നടപ്പാക്കുന്നതിന് സഹായം.
ഇ) കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഫെഡറേഷന്റെ പുനരുദ്ധാരണത്തിനുള്ള സഹായം, അതോടൊപ്പം പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ഭരണപരവും വികസനപരവുമായ ചെലവുകൾ വഹിക്കുന്നതിനുള്ള സഹായവും.
എഫ്) ഉൽപ്പാദന യൂണിറ്റുകൾ ഏറ്റെടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് പരമാവധി അഞ്ച് ലക്ഷം രൂപയ്ക്ക് വിധേയമായി പ്രോത്സാഹനം നൽകൽ.

ജി) പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനും സമഗ്ര വികസനത്തിനും അതോടൊപ്പം അവയെ ലാഭകരമാക്കുന്നതിനുമായി 'പുനർജ്ജനി' പദ്ധതി നടപ്പിലാക്കുന്നതിന് സംഘങ്ങൾക്ക് 360.00 ലക്ഷം രൂപ നീക്കി വച്ചിരിക്കുന്നു.

എച്ച്) യുവ എസ്സി/എസ്.ടി സഹകരണ സംഘങ്ങൾക്ക് അവരുടെ പ്രോജക്റ്റുകൾ നടപ്പിലാക്കുന്നതിനുള്ള സഹായം.

ഐ) പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുകൾക്ക് ഭരണപരമായ ചെലവുകൾ യഥാർത്ഥ ചെലവിന്റെ അടിസ്ഥാനത്തിൽ തിരിച്ചടവ് അടിസ്ഥാനത്തിൽ നൽകുന്നതിനുള്ള സഹായം.

ജെ) പുനർജനി പദ്ധതിയുടെ മിഷൻ കോ-ഓർഡിനേറ്ററുടെ ശമ്പളം.